**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1858** **20-06-2024 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരിയിൽ നിന്ന് അമൃത ആശുപത്രിയിലേയ്ക്കുള്ള സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരിയിൽ നിന്ന് അമൃത ആശുപത്രിയിലേയ്ക്ക് ദിവസേന ഉണ്ടായിരുന്ന കെ.എസ്.ആർ.ടി.സി. സർവീസുകൾ നിർത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത സർവീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | ചങ്ങനാശ്ശേരി ഡിപ്പോയിൽ നിന്നും കോവിഡിന് മുമ്പ് 2019 മാർച്ച് മാസം വരെയാണ് അമൃത സർവീസുകൾ നടത്തി വന്നിരുന്നത്. പ്രതിദിനം 396 കിലോമീറ്റർ സർവീസ് നടത്തി വന്നിരുന്ന 05.30 മണി അമൃത സർവീസിന് പ്രതിദിന ശരാശരി ഇ.പി.ബി. 6,900/- രൂപയും, ഇ.പി.കെ.എം 33.32 രൂപയും മാത്രമാണ് ലഭിച്ചു വന്നിരുന്നത്. ചങ്ങനാശ്ശേരി ഡിപ്പോയിലെ 06.00 മണി അമൃത സർവീസിനും വരുമാന ലഭ്യത വളരെയധികം കുറവായിരുന്നു. 2019 മാർച്ച് മാസത്തിലെ കണക്ക് അനുസരിച്ച് 5,500/- രൂപ ശരാശരി ഇ.പി.ബി.യും, ശരാശരി 29.15 രൂപ ഇ.പി.കെ.എം. മാത്രമാണ് ലഭിച്ചിരുന്നത്. രണ്ട് അമൃത സർവീസുകളും പ്രവർത്തനചെലവ് പോലും ലഭിക്കാത്തിനാലാണ് പുനരാരംഭിക്കാത്തത്. |

സെക്ഷൻ ഓഫീസർ